ഇറയം
റിസർച്ച് ജേർണൽ

Volume V Issue 3

# ജനപ്രിയതയും നവമാധ്യമങ്ങളും-

# സോമൻ കടലൂരിന്റെ കവിതകളെ മുൻനിർത്തിയുള്ള പഠനം.

ഡോ.സത്യൻ. എം.

താക്കോൽ വാക്കുകൾ: നവമാധ്യമകവിത, സോമൻ കടലൂര്, ജനപ്രിയ സംസ്കാരം, പുതുകവിത.

സംഗ്രഹം : സോമൻ കടലൂരിന്റെ കവിതകളുടെ ജനപ്രിയത, നവമാധ്യമസംസ്ക്കാരവുമായി ബന്ധപ്പെടുന്നതെങ്ങനെ എന്ന അന്വേഷിച്ചുകൊണ്ട് നവമാധ്യമകവിതകളിൽ പ്രവർത്തിക്കുന്ന ജനപ്രിയ ഘടകങ്ങളെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം.

എഴുത്തിന്റേയും പ്രകാശനത്തിന്റേയും പുതിയ ഉപാധിയായി നവമാധ്യമങ്ങൾ പ്രത്യക്ഷപ്പെട്ടതോടെ വലിയ മാറ്റങ്ങളാണ് സാഹിത്യരംഗത്തുണ്ടായത്. ആവശ്യത്തിനും അനാവശ്യത്തിനും കത്രിക വെയ്ക്കുന്ന എഡിറ്റർമാരുടെ നീരാളിപ്പിടുത്തത്തിൽനിന്ന് മുക്തരായി, സ്വയം പ്രസാധകരായ എഴുത്തുകാരും  പല തലങ്ങളിലുള്ള ആസ്വാദകരും രൂപപ്പെട്ടുവെന്നതുമാത്രമല്ല ഈ മാറ്റത്തിന്റെ അനന്തരഫലം. വായനയുടെ സ്വഭാവത്തിലും കവിതയുടെ രൂപശില്പത്തിലും മുൻപ് അസാധ്യമായ പല പരിണാമങ്ങളും സംഭവിച്ചു. ഏകമാനമായ 'ടെക്സ്റ്റി'ന്റെ ചട്ടക്കൂടിനുപുറത്തേയ്ക്ക് കുതിച്ച കവിത ദൃശ്യ സാധ്യതയെ പരമാവധി പ്രയോജനപ്പെടുത്തി. വിഷ്വൽ പോയട്രിയും പലവിധത്തിലുള്ള ഇൻസ്റ്റലേഷനുകളും കവിതയായി അംഗീകരിക്കപ്പെട്ടു. ലഘുസന്ദേശങ്ങൾപോലെ പ്രചരിക്കുകയും ഫേസ്ബുക്കിലും വാട്സ്ആപ്പിലും സ്റ്റാറ്റസായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന കവിതകളും ധാരാളമായുണ്ടാകുന്നത് ഇക്കാലത്താണ്. 'അക്ഷരം കൂട്ടിയെഴുതാനറിയുന്നവരൊക്കെ കവികളായിപ്പോയി' എന്ന് സാമ്പ്രദായികനിരൂപകർ അധിക്ഷേപിക്കുന്നുണ്ടെങ്കിലും കവിതയുടെ ജനകീയവും ജനാധിപത്യപരവുമായ ഒരു തലം കണ്ടെത്തുകയാണ് ഈ നവകവികൾ ചെയ്തതെന്നുപറയാം. അന്യഥാ സ്ത്രീകളും ദലിതരും

ട്രാൻസ് എഴുത്തുകാരും ഇത്ര പ്രാധാന്യത്തോടെ സാഹിത്യരംഗത്ത് പ്രത്യക്ഷപ്പെട്ടുമായിരുന്നോ എന്ന ചോദ്യവും സംഗതമാണ്. നവമാധ്യമരംഗത്ത് ഏറെ സജീവമാകുകയും ജനശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്ത കവി എന്ന നിലയിൽ സോമൻ കടലൂരിന്റെ രചനകൾ ശ്രദ്ധേയമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. അദ്ദേഹത്തിന്റെ കവിതകളുടെ ജനപ്രിയത, നവമാധ്യമസംസ്ക്കാരവുമായി ബന്ധപ്പെടുന്നതെങ്ങനെ എന്ന അന്വേഷണമാണ് ഈ പ്രബന്ധം.

നവമാധ്യമങ്ങളിൽ വരുന്ന വിഭവങ്ങൾ (contents) ജനകീയമാകുന്നതിൽ (വൈറൽ ആകുക എന്ന് പുതിയ പ്രയോഗം ) പലഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കേരളീയ പശ്ചാത്തലത്തിൽ രാഷ്ട്രീയസ്വഭാവമുള്ളതും ഹാസ്യരസപ്രധാനമായതും പൊതുവെ ഋജുവായതുമായ സന്ദേശങ്ങൾ വളരെവേഗം കൈമാറ്റംചെയ്യപ്പെടുന്നതും ചർച്ചചെയ്യപ്പെടുന്നതും കാണാം. ഒരർത്ഥത്തിൽ ഈ ഘടനയിലേയ്ക്ക് അനായാസം കണ്ണിചേരാൻ കഴിവുള്ളവയാണ് സോമൻ കടലൂരിന്റെ കവിതകൾ. എന്നാൽ അതുകൊണ്ട് മാത്രമല്ല അവ ശ്രദ്ധേയമാവുന്നത്. ആ കവിതകൾ കൈകാര്യം ചെയ്യുന്ന പ്രമേയങ്ങളുടെ ആഴവും സമകാലികതയും അവയ്ക്കൊരു സവിശേഷമായ വിതാനം നല്കുന്നുണ്ട്. ഒരു വൈകാരികാനുഭവത്തെ, അതിനാടകീയതയുടെ പരിവേഷങ്ങളില്ലാതെ എന്നാൽ തീവ്രമായ പ്രഹരശേഷിയോടെ , ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുന്ന ഈ രചനകൾ വായനക്കാരിലുണ്ടാക്കുന്ന അനുഭൂതി 'ഇതെന്റെ കവിതയാണല്ലോ' എന്നുതന്നെയാണ്. ചില ഉദാഹരണങ്ങളിലൂടെ വിശദീകരിക്കാം.

'മിടുക്കർ' എന്ന കവിത(2009)യാണ് സോമൻ കടലൂരിന്റെ കവിതകളിൽ ആദ്യം ജനകീയമായത്. ജാതിയും മതവും പങ്കിട്ടെടുക്കുന്ന നമ്മുടെ വിദ്യാഭ്യാസമണ്ഡലത്തെ അഭിസംബോധനചെയ്യുന്ന കവിതയായിരുന്നു അത്.

'നിന്റെ മകൻ

സെന്റ് തോമാ ഇംഗ്ലീഷ് മീഡിയത്തിൽ

എന്റെ മകൾ

വിവേകാനന്ദ വിദ്യാഭവനിൽ

അവന്റെ മകനും മകളും

ഇസ്ലാമിക് പബ്ലിക് സ്ക്കൂളിൽ

ഒരേ ബഞ്ചിലിരുന്ന്

ഒരു പാഠപുസ്തകം പങ്കിട്ട്

ഒരേ വിശപ്പ് വായിച്ച്

നമ്മൾ പഠിക്കാതെ പഠിച്ച

ആ പഴയ സ്ക്കൂൾ ഇപ്പോഴുമുണ്ട്.

പണ്ടത്തെ നമ്മുടെ അച്ഛനമ്മമാരെപ്പോലെ

പരമദരിദ്രരായ

ചിലരുടെ മക്കൾ അവിടെ പഠിക്കുന്നുണ്ട്.

ഒരിക്കൽ

കുരിശും വാളും ശൂലവുമായി

നമ്മുടെ മക്കൾ

കലിതുള്ളുമ്പോൾ

നടുക്കവീണതടുക്കാൻ

അവരെങ്കിലും മിടുക്കരാകട്ടെ.'

ഈ കവിതയെക്കുറിച്ച് കവിതന്നെ പറയുന്നത് ശ്രദ്ധിക്കുക: 'ഭാഷയിലോ ആഖ്യാനത്തിലോ പ്രമേയത്തിലോ വലിയ പുതുമ അവകാശപ്പെടാനില്ലാത്ത ഈ കവിതയെ ആസ്വാദകർ സ്വീകരിച്ചതിന് അടിസ്ഥാനം നമ്മുടെ സാഹോദര്യബോധത്തെ അത് സവിശേഷമട്ടിൽ തൊട്ടതുകൊണ്ടാവണം എന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം.'[1]കേരളത്തിന്റെ ഭൂതകാലത്തേയും വർത്തമാനകാലത്തേയും ആശങ്കാകുലമായ ഭാവികാലത്തേയും അടയാളപ്പെടുത്തുന്നുണ്ട് ഈ കവിത.ദാരിദ്ര്യത്തിനിടയിൽ അഭയമായി

നിലകൊണ്ട പൊതുവിദ്യാഭ്യാസവും അതിന്റെ ഗുണഫലങ്ങൾ മുഴുവൻ അനുഭവിച്ചുകൊണ്ട് മതമേലാളന്മാരുടെ വിദ്യാലയങ്ങളിലേയ്ക്ക് അനന്തരതലമുറയെ പറഞ്ഞയയ്ക്കുകയും ചെയ്യുന്ന ഓരോരുത്തരേയും ഈ കവിത ആഴത്തിൽ ബാധിക്കും. വരാനിരിക്കുന്ന മതസ്പർദ്ധയുടേയും വിഭാഗീയതയുടേയും രൂക്ഷമായകലാപങ്ങളുടേയും ഭീതിതമായ നിഴൽ അവരുടെ സ്വപ്നങ്ങളെ ആശങ്കാകുലമാക്കും. സ്വാഭാവികമായും പോസ്റ്റർ രൂപത്തിൽ തയ്യാറാക്കിക്കിട്ടിയ ഈ കവിത, അവർ അടുത്ത ചങ്ങാതിയ്ക്കോ ചങ്ങാതിമാരുടെ വാട്സാപ്പ് ഗ്രൂപ്പിലേയ്ക്കോ ഷെയർ ചെയ്യുന്നു. ജനകീയതയിലേയ്ക്കുള്ള കവിതയുടെ യാത്ര അവിടെ ആരംഭിക്കുന്നു.

ഇതിന്റെ തുടർച്ചയും മറുപുറവുമാണ് 'അഭാവം' എന്ന കവിത.

നാട്ടിലില്ല

വീട്ടിലില്ല

റോട്ടിലില്ല

നാലാൾ കൂടുന്നിടത്ത്

നിലവിലില്ല

അച്ഛനോടൊപ്പം വയലിലില്ല

അമ്മയോടൊപ്പം ആശുപത്രിയിലില്ല

മരണവീടിന്റെ മഹാമൗനത്തിലില്ല

കല്യാണവീട്ടിൽ മഹനീയസാന്നിധ്യമില്ല

പാർട്ടിയിലില്ല

ജാഥയിലില്ല

പ്രത്യയശാസ്ത്രത്തിലില്ല

വായനശാലയുടെ പരിസരത്ത്

പൊടിപോലുമില്ല

പ്രിയപ്പെട്ട യുവാവേ

നീയെവിടെയാണ്

ഒളിച്ചിരിക്കുന്നത്?

നിന്നെക്കാണാൻ കൊതിയാവുന്നു

സത്യമായും

ഐ മിസ് യൂ ഡാ...!

സെന്റ് തോമാ ഇംഗ്ലീഷ് മീഡിയത്തിലും വിവേകാനന്ദവിദ്യാഭവനിലും ഇസ്ലാമിക് പബ്ലിക് സ്ക്കൂളിലും പഠിച്ചിറങ്ങിയ തലമുറയാണ് നാട്ടിലും വീട്ടിലും പൊതുഇടങ്ങളിലും കാണാതെ പോകുന്ന യുവാക്കളായി പരിണമിക്കുന്നത്. എന്നാലോ, സൂക്ഷിച്ചുനോക്കിയാൽ അവരുണ്ട് സോഷ്യൽമീഡിയയിൽ,വിർച്വൽലോകത്തിന്റെ സാങ്കല്പിക പ്രതലത്തിൽ! സ്മാർട്ടുഫോണിന്റെ മായാലോകത്ത് തളച്ചിടപ്പെട്ടിട്ടുണ്ട് പലരും. മറ്റൊരുവിഭാഗം, വിദേശങ്ങളിലേയ്ക്ക് കുടിയേറിയിരിക്കുന്നു. രണ്ടോ മൂന്നോ ദശകങ്ങൾകഴിഞ്ഞ് കോടികളുടെ ബാങ്ക് ബാലൻസുമായി, നീരുവറ്റിയ ഉടലുമായി അവർ തിരിച്ചുവന്നേയ്ക്കാം.എന്തായാലും അവരുടെ യുവത്വം നാടിന് പ്രയോജനപ്പെടുന്നില്ല. ഈ ആകുലത പങ്കുവെയ്ക്കുന്നത് പ്രായമായവരോ മധ്യവയസ്ക്കരോ മാത്രമല്ല, ഇങ്ങനെ 'കാണാതാകുന്ന' യുവാക്കൾക്കൂടിയാണ് എന്നതിന്റെ സാക്ഷ്യമാണ് യുവാക്കളുടെ ഇടയിൽ വ്യാപകമായി പ്രചരിച്ച 'അഭാവം'എന്ന ഈ കവിത.

സമകാലികസന്ദർഭത്തിൽ ഏറെ ആളുകൾ വായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത കവിതയാണ് 'സിലബസ്'. വിദ്യാഭ്യാസവും ജീവിതവും അങ്ങേയറ്റം വിരുദ്ധധ്രുവങ്ങളിലായിപ്പോകുന്നതിന്റെ നൃശംസതകൾ ഏറ്റവും ലളിതമായഭാഷയിൽ ഈ കവിതയിൽ അടയാളപ്പെടുത്തുന്നു.പ്രണയത്തിന്റെപേരിൽ കഴുത്തറുത്തും ആസിഡൊഴിച്ചും വെടിവെച്ചും വെട്ടിയും കൊല്ലപ്പെടുന്ന പെൺകുഞ്ഞുങ്ങളുടെ ജീവിതത്തെ സാക്ഷിനിർത്തി ഏറ്റവും സമകാലികമായി എഴുതിയ കവിത. എന്നാൽ അതോടൊപ്പം നമ്മുടെ വിദ്യാഭ്യാസവ്യവസ്ഥയെക്കൂടി ഇവിടെ പ്രശ്നവല്ക്കരിക്കുന്നുണ്ട്. കേവലം സിലബസ് തീർക്കൽ മാത്രമായി വിദ്യാഭ്യാസപ്രക്രിയ മാറുമ്പോൾ അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുപോലെ യന്ത്രങ്ങളാവുകയാണ്. ലോകത്തിന്റെ മത്സരക്കമ്പോളത്തിലേയ്ക്ക്

അങ്കത്തിനിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സിലബസ്സിനപ്പുറത്തുള്ള മനുഷ്യബന്ധങ്ങളുടെ ആർദ്രത തിരിച്ചറിയാറാക്കുക എന്ന ലക്ഷ്യം അധ്യാപകരും സൗകര്യപൂർവ്വം മറക്കുകയല്ലേ എന്ന ചോദ്യമാണ്ഈ കവിത ഉയർത്തുന്നത്. അത്തരം 'സിലബസ് തീർക്കലി'ന്റെകൂടി അനന്തരഫലമാണ് എവിടെയുണ്ട് എന്ന് തിരിച്ചറിയാത്ത യുവതലമുറ.എല്ലാവരും പറയാനാഗ്രഹിച്ച കാര്യങ്ങൾ ഏറ്റവും ഫലപ്രദമായി പറഞ്ഞതാണ് ഈ കവിതയുടെ പ്രചരണത്തിന് നിദാനമായിട്ടുള്ളത്.

'ആ സാധു','ജീവിച്ചിരിക്കുമ്പോൾ'എന്നീ കവിതകളും അനുഭവതീവ്രതകൊണ്ട് ശ്രദ്ധിക്കപ്പെട്ടവയാണ്.കിട്ടാതെപോകുന്ന പരിഗണനയെക്കുറിച്ചാണ് രണ്ടുകവിതകളും പറഞ്ഞുവയ്ക്കുന്നത്. ജീവിതത്തിലെ പല സന്ദർഭങ്ങളിലും പലരും പലവട്ടം ആലോചിച്ചതിന് കാവ്യഭാഷനല്കിയതിനാലാണ് ഈ കവിതകൾക്ക് ജനകീയമായ സ്വീകാര്യത ലഭിച്ചത്. ഒരിക്കലും ഒരു പരിഗണനയും കിട്ടില്ലെന്ന് ഉറപ്പിച്ച്, പരാജയത്തിലും നെഞ്ചുറപ്പോടെ നില്ക്കുന്ന ഒരാൾ അവിചാരിതമായെത്തുന്ന ചെറിയ പരിഗണനയിൽ പൊട്ടിക്കരഞ്ഞുപോകുന്നതാണ് 'ആ സാധു' പറയുന്നതെങ്കിൽ, ജീവിച്ചിരിക്കുമ്പോൾ അവഗണിക്കപ്പെടുകയും മരണാനന്തരം ബഹുമാനിക്കപ്പെടുകയും ചെയ്യുന്നതിലെ വൈരുദ്ധ്യമാണ്'ജീവിച്ചിരിക്കുമ്പോൾ'പ്രമേയമാക്കുന്നത്. പ്രചലിതവും പ്രബുദ്ധവുമായ പൊരുളിന്റെ കാവ്യാവിഷ്ക്കാരം ഏറെ ശ്രദ്ധിക്കപ്പെട്ടതും വിപുലമായ ആസ്വാദകപ്രശംസ നേടിയതും ഉള്ളുരുക്കുന്ന ആശയം ഹ്രസ്വമായും തീക്ഷ്ണമായും പറഞ്ഞതിനാലാണ്.

ഈ പ്രമേയങ്ങളെല്ലാം സമകാലികമായിരിക്കെത്തന്നെ അതിനപ്പുറത്തേയ്ക്കും നീളുന്നവയാണ്. സാമൂഹികപരിണാമത്തെ ആഴത്തിൽ അടയാളപ്പെടുത്തുകയും ആത്മവിമർശനത്തിന്റെ കൂർത്തമുള്ളുകൾകൊണ്ട് ഈ ദുരവസ്ഥയെ ചീന്തിക്കളയാൻ ശ്രമിക്കുകയുമാണ്  ഈ കവിതകളെല്ലാം എന്ന് സാമാന്യമായി പറയാം.  എന്നാൽ മറ്റുചിലകവിതകൾ പല സമകാലികസംഭവങ്ങളുടേയും പ്രതീതിപരമായ പുനരാഖ്യാനമാണ്. ഉദാഹരണമായി 'കുറുക്കൻ' എന്ന കവിതയെടുക്കാം.

'ഒരിക്കൽ ഒരു സന്ധ്യയ്ക്ക്

ഗ്രാമത്തിലെ വീട്ടിൽ

ഒരു കുറുക്കൻ വിരുന്നുവന്നു.

ആട്ടിൻചോരയും

പുളിക്കാത്ത മുന്തിരിയും നല്കി

നിലാവുദിച്ചപ്പോൾ അവൻ ഓരിയിട്ടു.

അയൽപക്കത്തെ കോഴിയെ മോഷ്ടിച്ച്

അവറാച്ചന്റെ കോലായിൽ കാഷ്ഠിച്ച്

പുലർച്ചയ്ക്കുമുമ്പേ അവൻ ഗ്രാമം വിട്ടു.

കുറുക്കന്റെ തലേന്നത്തെ പരാക്രമത്തെപ്പറ്റി

ആരും ഒന്നും പറഞ്ഞില്ല.

നേരം വെളുത്തിട്ടും എല്ലാവരും

അവരവരുടെ മാളങ്ങളിൽ ഉറക്കമായിരുന്നു.'

സ്വന്തം സന്തോഷങ്ങളുടേയും സുഖസൗകര്യങ്ങളുടേയും മാളങ്ങളിലേയ്ക്ക് ചേക്കേറുന്ന ആൾക്കൂട്ടങ്ങളുടെ നാട്ടിൽ കോഴികൾ ആക്രമിക്കപ്പെടും; പൂമുഖങ്ങൾ വൃത്തികേടാക്കപ്പെടും. സമകാലികമായനിരവധി സംഭവങ്ങളേയും വ്യക്തികളേയും ഓർമ്മിപ്പിച്ചുകൊണ്ട് ഈ കവിത ജനങ്ങൾക്കിടയിൽ പിന്നെയും പിന്നെയും സഞ്ചരിക്കുന്നു.

സോമൻ കടലൂരിന്റെ കവിതകളിലെ സ്ത്രീയവസ്ഥകളുടെ ആഖ്യാനം സവിശേഷമാണ്. സമൂഹം സ്ത്രീയോടുപ്രതികരിക്കുമ്പോൾ, അതിലുണ്ടാകാറുള്ള കാപട്യങ്ങളേയും നീതികേടുകളേയും 'പതിയെപ്പതിയെ'എന്ന കവിത തുറന്നുചോദ്യംചെയ്യുന്നുണ്ട്.

'പെണ്ണിനെ

പച്ചയ്ക്ക് വെട്ടിക്കീറാൻ

ക്വട്ടേഷൻ കൊടുത്തവനെ

കാണെക്കാണെ നമ്മൾ

കൈകൊടുത്തഭിനന്ദിച്ചു.

ഇറയം റിസർച്ച് ജേർണൽ

Volume V Issue 3

പെണ്ണിനെ

പച്ചയ്ക്ക് കെട്ടിത്തൂക്കാൻ

പദ്ധതിയിട്ടവരെ

കൈവീശി ആശംസിച്ചു

പെണ്ണിനെ

പച്ചയ്ക്ക് കത്തിക്കാൻ

ആഹ്വാനം കൊടുത്തവരെ

മെല്ലെമെല്ലെ

കൈനീട്ടി സ്വീകരിച്ചു.

വെറുതെയല്ല,

പെണ്ണിനെ

പകൽവെളിച്ചത്തിൽ

പച്ചയ്ക്ക് കയ്യേറ്റം ചെയ്യുമ്പോഴും

നമ്മളൊക്കെയും ഇങ്ങനെ

കൈകെട്ടി നില്ക്കുന്നത് !'

താൻ കൂടി ഉൾക്കൊള്ളുന്ന പുരുഷവർഗ്ഗത്തിൽ കടന്നുകൂടിയ കാപട്യത്തെയാണ് ഈ കവിത വിമർശിക്കുന്നത്. 'പരിവർത്തനം' എന്ന കവിത ഈ അവസ്ഥയെ കുറേക്കൂടി രൂക്ഷമായി അവതരിപ്പിക്കുന്നുണ്ട്. മൃഗവേട്ടക്കാരാരും അവരവരുടെ ഇരകളുടെ പ്രതിഷേധത്തെപ്പറ്റി പരാതിയോ പരിഭവമോ പറയാറില്ല. എന്നാൽ പുരുഷൻ എന്ന വേട്ടക്കാരൻ സ്ത്രീ എന്ന ഇരയോട് നിരന്തരമായി ക്രൂരതകാണിക്കുക മാത്രമല്ല ചെയ്യുന്നത്

'ഗതികെട്ട് പ്രതിഷേധിക്കുന്ന

പെണ്ണിന്റെ വാക്കിന്റെ മൂരൾച്ചയെപ്പറ്റി

ആണങ്ങൾ പരാതി പറയും

ചിരപുരാതനചതിയുടെ

ചരിതമോർത്ത് ചിരി നിർത്തും.

മൃഗപരിവർത്തനംപോലെ

ഒരസാധ്യതയല്ല

യുഗപരിവർത്തനം!'

സ്ത്രീയിൽ ഈ മുരൾച്ച രൂപപ്പെടുന്നതെങ്ങനെയാണ് എന്ന തിരിച്ചറിവും ഈ കവിക്കുണ്ട് എന്നതാണ് ഏറ്റവും പ്രധാനം. കടമ്മനിട്ടയുടെ കുറത്തിയെപ്പോലെ മറ്റൊരു വഴിയുമില്ലാതായപ്പോൾമാത്രം പ്രതികരിച്ചവളാണവൾ. പൂച്ചയായിരുന്നിട്ടും പുലിയായി മാറേണ്ടിവന്നവൾ.ആദിമമായ ഇണക്കത്തോടെ ആദരണീയമായ വഴക്കത്തോടെ അടങ്ങിയൊതുങ്ങിക്കഴിഞ്ഞവളായിരുന്നു. അധികാരമോ അപ്രിയതയോ കാണിക്കാത്തവളുമായിരുന്നു. പക്ഷേ,

'അടച്ചിട്ട മുറിയിൽപ്പെടുത്തി

അടിച്ച് പുറം പൊളിക്കാൻ

നീയെത്തിയപ്പോഴാണ്

എനിക്ക്

പുലിയാകേണ്ടിവന്നത്' (പുലി)

സ്വന്തം അസ്തിത്വത്തെ ചോദ്യം ചെയ്യുന്ന ഒരു സ്ഥിതിയിൽ അളമുട്ടിപ്പോയ ചേരയെപ്പോലെ അവളും അവളിലെ ഉഗ്രശക്തിയെ പുറത്തെടുത്തു. സ്ത്രീ അവളുടെ ശക്തി തിരിച്ചറിയുന്ന കാലത്തോളം മാത്രമേ പിതൃഅധികാരവ്യവസ്ഥയ്ക്ക് നിലനില്പ്പുള്ളൂ എന്നുകൂടി പറഞ്ഞുവയ്ക്കുന്നുണ്ട് ഈ കവിത.

വളരെ വിപുലവും വ്യതിരിക്തവുമാണ് സോമൻകടലൂരിന്റെ കവിതാലോകം. 'ജ്ഞാന'ത്തിൽനിന്ന് 'ഞാനത്ത'ത്തിലേയ്ക്കുള്ള പരിണാമം അടയാളപ്പെടുത്തുന്ന 'ഞാനി', 'സമസ്തവും വൈകിച്ചെയ്യൽ' എന്ന അപരാധം ( വൈലോപ്പിള്ളിയെ ഓർമ്മിപ്പിക്കുന്ന മട്ടിൽ)

ചെയ്യുന്നവെങ്കിൽപ്പോലും അതിന്റെ സദ്ഫലമെന്നോണം, നഷ്ടപ്പടാത്ത യൗവ്വനം ലഭിച്ചുവെന്നുതിരിച്ചറിയുന്ന 'യൗവ്വനത്തിൽ', ആട്ടുകളുടേയും ഇടയന്റേയും പരിപാലകനായി പുലിതന്നെ പ്രത്യക്ഷപ്പെടുന്ന 'പുലിവന്നപ്പോൾ',ആരുമല്ലാത്ത ഒരാളിൽ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തേണ്ടിവരുന്ന അഥവാ, അത്തരത്തിൽ വീടിനുപുറത്ത് മറ്റൊരു ജീവിതം കണ്ടെത്താൻ സാധ്യതയുള്ള സ്ത്രീയെ അടയാളപ്പെടുത്തുന്ന 'ആര്?' , കോവിഡ്കാലത്തെ ഒറ്റപ്പെടലിന്റെ തീവ്രതനിറഞ്ഞുനില്ക്കുന്ന 'ഒറ്റയ്ക്കിരിയ്ക്കുമ്പോൾ',അവഗണിക്കപ്പെടുന്ന മാതൃഭാഷയുടെ നിശ്വാസമായി പരക്കുന്ന 'അമ്മ'തുടങ്ങി നിരവധി കവിതകൾ ഇത് ഉദാഹരിക്കുന്നുണ്ട്.

കവിയേക്കാൾ പരിചിതമായ കവിതകളാണ് സോമൻകടലൂരിന്റേത്. രചയിതാവിന്റെ പേരുപോലുമില്ലാതെ അത് ആസ്വാദകരിലൂടെ സഞ്ചരിച്ചു. പല വിഭാഗത്തിൽപ്പെട്ട സാധാരണജനതയുടെ സാഹിത്യസഞ്ചയത്തിന്റെ ഭാഗമായിത്തീർന്നു. അതിപരിചിതമെന്നുതോന്നിക്കുന്ന അനുഭവങ്ങളെ ലളിതവും ഋജുവുമായ ഭാഷയിൽ കുറുക്കി അവതരിപ്പിക്കുന്നതിലുള്ള വൈദഗ്ധ്യം ഈ കവിതകളുടെ ജനപ്രിയതയ്ക്ക് ഒരു കാരണമായി ഭവിച്ചിട്ടുണ്ടെന്നുകാണാം. സൂക്ഷ്മാർത്ഥത്തിൽ , അതിനൊരു ഫോക്സ്വഭാവമുണ്ട് എന്നുകൂടിയാണ് ഇത് അർത്ഥമാക്കുന്നത്. ജനതയുടെ പൊതുബോധത്തെ സ്വാധീനിച്ചുകൊണ്ടും രചയിതാവിനെ അപ്രസക്തമാക്കിക്കൊണ്ടും പലപ്പോഴും പാഠഭേദങ്ങൾ സൃഷ്ടിച്ചുകൊണ്ടുമാണല്ലോ നാടോടിവ്യവഹാരങ്ങൾ തലമുറകളിലൂടെ സംക്രമിക്കുന്നത്. ആ 'നാടോടിത്തം' പുതിയ ഒരു തലത്തിൽ നിലകൊള്ളുന്നതുകൊണ്ടുകൂടിയാണ് സോമന്റെ കവിതകൾ വളരെ ജനപ്രിയമാകുന്നത്. 'മാറ്റത്തിന്റെയും തകർച്ചയുടെയും നിമിഷവേഗമുള്ള കാലം പുതിയകവിതയുടെ രൂപപ്പെടലിന് മണ്ണൊരുക്കി നില്ക്കുന്നുണ്ട്. മാധ്യമങ്ങളും ഇൻഫർമേഷൻ ടെക്നോളജിയും ആഗോളീകരണവും മുഖ്യധാരയും അധികാരവും ചേർന്നു ദമിതമാക്കിയ സാമൂഹികഘടകങ്ങളുടെ മുന്നേറ്റങ്ങളും അതിന്റെ ബോധം രൂപപ്പെടുന്നതിൽ സ്വാധീനം ചെലുത്തുന്നു.'2പുതിയകാലത്തിനനുസരിച്ചുള്ള രൂപഘടനയും ലേ ഔട്ടിന്റെ സാധ്യതകളും പ്രയോജനപ്പെടുത്തുകകൂടി ചെയ്യുന്നതോടെ അവ വിപുലമായ ആസ്വാദകലോകത്തിലേയ്ക്ക് എത്തിച്ചേരുകയും ചെയ്യുന്നു.

കുറിപ്പുകൾ

1 സോമൻ കടലൂർ, മുഖവുര , കടലൂർക്കവിതകൾ, പ്ലാവില ബുക്സ്, കേരളം,

2 രാജശേഖരൻ പി.കെ., ഏകാന്തനഗരങ്ങൾ, ഡി.സി.ബുക്സ്,കോട്ടയം, പേജ് 292, 2015.